**PROVISIONAL ANSWER KEY**

| | |
|---|---|
| Question Paper Code: | 53/2026/OL |
| Category Code: | 239/2025, 240/2025, 241/2025, 731/2025 |
| Exam: | L.P School Teacher (Malayalam Medium) |
| Date of Test | 01-04-2026 |
| Department | Education |

Question1:-ഇന്ത്യയുടെ ചാന്ദ്രദൌത്യവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശരിയായവ കണ്ടെത്തുക.
i) ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിങ് നടത്തുന്ന ലോകത്തിലെ രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്.
ii) ചന്ദ്രയാൻ ദൌത്യത്തിൽ 2023 ഓഗസ്റ്റ് 23 ബുധനാഴ്ച 6.04 പി. എം. നാണ് ലാൻഡർ ചന്ദ്രനെ തൊട്ടത്.
iii) ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ആദ്യമായി പേടകം ഇറക്കിയ രാജ്യം ഇന്ത്യയാണ്.
iv) എസ്. സോമനാഥ് ആണ് ഇപ്പോഴത്തെ ഐ.എസ്.ആർ.ഒ. ചെയർമാൻ.

A:-i, ii, iii

B:-i, ii, iv

C:-i, iii, iv

D:-ii, iii, iv

Correct Answer:- Option-D

Question2:-വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായ ഉത്തരം കണ്ടെത്തുക.
i) സി. വി. കുഞ്ഞിരാമൻ, കെ. പി. കേശവമേനോൻ, ടി. കെ. മാധവൻ തുടങ്ങിയ നേതാക്കളാണ് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വം നൽകിയവർ.
ii) വൈക്കം സത്യാഗ്രഹത്തിന് പരിഹാരം കാണുക എന്ന ലക്ഷ്യവുമായി ഗാന്ധിജി കേരള സന്ദർശനത്തിന് എത്തി.
iii) സത്യാഗ്രഹവുമായി ബന്ധപ്പെട്ട വൈക്കത്ത് നിന്ന് തിരുവനന്തപുരത്തേക്ക് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ സംഘടിപ്പിച്ചു.
iv) ഗാന്ധിജി ഈ സമരത്തെ ആധുനികകാലത്തെ മഹാത്ഭുതം എന്ന് വിശേഷിപ്പിച്ചു.

A:-ii, iii, iv

B:-i, iii, iv

C:-i, ii, iv

D:-i, ii, iii

Correct Answer:- Option-D

Question3:-സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.
i) ദർപ്പണം, കേരള പഞ്ചിക, മലയാളി എന്നീ പത്രങ്ങളുടെ പത്രാധിപർ ആയിരുന്നു അദ്ദേഹം.
ii) തിരുവിതാംകൂർ ദിവാൻ പി. രാജഗോപാലാചാരി ഉൾപ്പെടെയുള്ളവയുടെ ഭരണത്തിലെ പോരായ്മകൾ അദ്ദേഹം തുറന്നു കാണിച്ചത് തിരുവിതാംകൂറിൽ നിന്ന് പുറത്താക്കുന്നതിന് കാരണമായി തീർന്നു.
iii) 1916 ഏപ്രിൽ 26 ന് കണ്ണൂരിൽ വച്ച് അദ്ദേഹം മരണമടഞ്ഞു.
iv) 1905 ൽ രാമകൃഷ്ണപിള്ളയെ ആറ്റിങ്ങൾ നിന്ന് ശ്രീമൂലം പ്രജാസഭയിലേക്ക് തിരഞ്ഞെടുത്തു.

A:-i, ii, iii

B:-ii, iii, iv

C:-i, iii, iv

D:-i, ii, iv

Correct Answer:- Option-A

Question4:-ഗാന്ധിജിയുമായി ബന്ധപ്പെട്ട് തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.
i) 1916 ഫെബ്രുവരിയിൽ ബനാറസ് ഹിന്ദു സർവകലാശാലയുടെ ഉദ്ഘാടന വേദിയായിരുന്നു ഗാന്ധിജി ആദ്യമായി ഇന്ത്യയിൽ പ്രത്യക്ഷപ്പെട്ട പൊതു പരിപാടി.
ii) 1918 ലെ അഹമ്മദാബാദ് മിൽസമരവുമായി ബന്ധപ്പെട്ട് തൊഴിലാളികളുടെ കൂലി 35% വർദ്ധിപ്പിച്ചു കൊടുക്കാം എന്ന് മില്ലുടമകൻ സമ്മതിച്ചു.
iii) 1922 ലെ  ചൗരി ചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തിവച്ചു.
iv) 1930 മാർച്ച് 12 ന് തിരഞ്ഞെടുക്കപ്പെട്ട 72 അനുയായികളോടൊപ്പം ഗാന്ധിജി സബർമതി ആശ്രമത്തിൽ നിന്നും ദണ്ഡിയിലേക്ക് മാർച്ച് ചെയ്തു.

A:-i, ii, iv

B:-ii, iii, iv

C:-i, ii, iii

D:-i, iii, iv

Correct Answer:- Option-C

Question5:-ഇന്ത്യയുടെ പ്രാചീന സംസ്കാരം ആയ ഹരപ്പൻ സംസ്കാരത്തിൻേറ അവശിഷ്ടങ്ങൾ കണ്ടെത്തിയ കേന്ദ്രങ്ങളും അതിപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെയും ലിസ്റ്റിൽ നിന്ന് ശരിയായ കണ്ടെത്തുക.
i) ചോലിസ്ഥാൻ - പാകിസ്ഥാൻ
ii) ബനവാലി - ഹരിയാന
iii) ധോളവിര - ഗുജറാത്ത്
iv) ഷോർട്ട് ഗായി - രാജസ്ഥാൻ

A:-ii, iii, iv

B:-i, ii, iii

C:-i, iii, iv

D:-i, ii, iv

Correct Answer:- Option-B

Question6:-പ്രാചീന സംസ്കാരങ്ങളിൽ ഒന്നായ മെസപ്പൊട്ടോമിയൻ സംസ്കാരവുമായി ബന്ധപ്പെട്ട തന്നിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുത്ത് എഴുതുക.
i) മെസപ്പൊട്ടോമിയയിലെ പ്രധാനപ്പെട്ട ഒരു ക്ഷേത്ര നഗരമായിരുന്നു ഉറുക്ക്.
ii) ഗില്ഗമേഷിൻെറ ഇതിഹാസം (Epic of Gilgamesh) എന്ന ഗ്രന്ഥം മെസപ്പൊട്ടോമിയകാർക്ക് അവരുടെ ഗ്രാമീണ ജീവിതത്തിൻെറ പ്രാധാന്യം വെളിപ്പെടുത്തുന്നു.
iii) മെസപ്പൊട്ടോമിയയിലെ ഒരു രാജകീയ തലസ്ഥാനമായിരുന്നു മാരി.
iv) മെസപ്പൊട്ടോമിയൻ എഴുത്തുരീതി ക്യൂണിഫോം എന്നാണ് അറിയപ്പെടുന്നത്.

A:-i, iii, iv

B:-ii, iii, iv

C:-i, ii, iii

D:-i, ii, iv

Correct Answer:- Option-A

Question7:-ചൈനീസ് സംസ്കാരവുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക.
i) 1911-ൽ മാവോ സേതുങ്ങിൻെറ നേതൃത്വത്തിൽ ചൈനയിൽ ഒരു റിപ്പബ്ലിക്ക് സ്ഥാപിച്ചു.
ii) മാവോ സേതുങ്ങ് ആണ് ചൈനയിൽ മഹത്തായ സാംസ്കാരിക വിപ്ലവം ആവിഷ്കരിച്ചത്.
iii) ദേശീയത, ജനാധിപത്യം, സോഷ്യലിസം എന്നിവയാണ് സൺ-യത്-സെന്നിൻെറ മൂന്നു തത്വങ്ങൾ.
iv) സൺ-യത്-സെന്നിൻെറ ആശയങ്ങളാണ് കുമിങ് താങ് പാർട്ടിയുടെ ദർശനത്തിൻെറ അടിത്തറ.

A:-i, ii, iii

B:-ii, iii, iv

C:-i, iii, iv

D:-i, ii, iv

Correct Answer:- Option-B

Question8:-സുഭാഷ് ചന്ദ്ര ബോസുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക.
i) 1932-ൽ കൽക്കട്ട മേയർ ആയി തിരഞ്ഞെടുത്തു.
ii) കോൺഗ്രസ് പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ ഗാന്ധിജിയുടെ നോമിനിയായി മത്സരിച്ച പട്ടാഭി സീതാ രാമയ്യയെ അദ്ദേഹം പരാജയപ്പെടുത്തി.
iii) ഇന്ത്യൻ നാഷണൽ ആർമിയുടെ (INA) സുപ്രീം കമാൻഡറായി അദ്ദേഹം നേതൃത്വം ഏറ്റെടുത്തു.
iv) 1942-ൽ ഐഎൻഎ ഭടന്മാരെ കുറ്റവിചാരണ ചെയ്തു.

A:-i, ii, iv

B:-ii, iii, iv

C:-i, ii, iii

D:-i, iii, iv

Correct Answer:- Option-C

Question9:-താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായവ കണ്ടെത്തുക.
i) ഇൻറർനാഷണൽ കോൺഗ്രസിൻ്റെ ആദ്യ വനിതാ പ്രസിഡൻ്റെ ആനി ബസൻറ് ആണ്.
ii) അബ്ദുൽ കലാം ആസാദ് ആണ് ഇൻറർനാഷണൽ കോൺഗ്രസിൻ്റെ ആദ്യ മുസ്ലിം പ്രസിഡൻറ്.
iii) റാഷ് ബിഹാരി ബോസ് ഇന്ത്യൻ നാഷണൽ കോൺഗ്രസിൻ്റെ സൂറത്ത് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.
iv) നിഷ്ക്രിയ പ്രതിരോധം (passive resistance) എന്ന ആശയം ആദ്യം പ്രചരിപ്പിച്ചത് അരബിന്ദ് ഘോഷ് ആണ്.

A:-i, iii, iv

B:-i, ii, iii

C:-ii, iii, iv

D:-i, ii, iv

Correct Answer:- Option-A

Question10:-ദേശീയ വിദ്യാഭ്യാസ നയവുമായി (എൻ. ഇ. പി. 2020) ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകൾ നിന്ന് സരിയായവ തിരഞ്ഞെടുത്തെഴുതുക.
i) പ്രാഥമിക വിദ്യാഭ്യാസം ആറാം വയസ്സിൽ പ്രൈമറി സ്കൂൾ തലത്തിൽ ആരംഭിക്കുന്നു.
ii) ബഹു വിഷയ വിദ്യാഭ്യാസവും ഒന്നിലധികം വിഷയങ്ങൾ പഠിപ്പിക്കുവാനുള്ള അവസരവും ലഭിമാക്കുകയാണ് ലക്ഷ്യം.
iii) രണ്ടുവർഷം വീതമുള്ള സെക്കൻഡറി, പ്രീ യൂണിവേഴ്സിറ്റി തലങ്ങൾ കൂടിച്ചേർന്ന് നാലുവർഷത്തെ സെക്കൻഡറി വിദ്യാഭ്യാസ ഘട്ടത്തിന് രൂപം നൽകി. സ്കൂൾതലത്തിലുള്ള പരീക്ഷകളാണ് നിർദ്ദേശിക്കുന്നത്. 10, 12 ക്ലാസുകളിൽ മാത്രം ബോർഡ് പരീക്ഷ.
iv) സ്പെഷ്യലൈസേഷനും ഗവേഷണത്തിനും കൂടുതൽ ഊന്നൽ നൽകുന്ന ബിരുദാനന്തര കോഴ്സുകളുടെ കാലാവധി ഒരു വർഷമോ രണ്ട് വർഷമോ ആണ്.

A:-i, ii, iii

B:-i, ii, iv

C:-i, iii, iv

D:-ii, iii, iv

Correct Answer:- Option-D

Question11:-കേരളത്തിലെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുത്തെഴുതുക.
i) പയ്യന്നൂർ ഉപ്പ് സത്യാഗ്രഹത്തെ ബോംബെ ക്രോണിക്കിൾ രണ്ടാം ബർദോളി എന്ന് വിശേഷിപ്പിച്ചു.
ii) വരിക വരിക സഹജരേ-വലിയ സഹന സമരമായി എന്ന് തുടങ്ങുന്ന വിപ്ലവഗാനം പയ്യന്നൂർ സത്യാഗ്രഹത്തിലുടനീളം മുഴങ്ങികേട്ടു.
iii) സർക്കാർ സർവീസുകളിൽ ഉള്ള നിയമത്തിലെ വിവേചനത്തിനെതിരായി പത്രത്തിൽ ലേഖനങ്ങൾ

എഴുതിയതിന് തിരുവനന്തപുരം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികൾ ആയിരുന്ന ജി. പി. പിള്ള, എൻ. രാമൻ പിള്ള, ആർ. രങ്ക റാവു എന്നിവരെ കോളേജിൽ നിന്ന് പുറത്താക്കി.
iv) കെ. പി. സി. സി. രൂപീകൃതമായപ്പോൾ കൊച്ചിക്ക് സ്വന്തമായി ഒരു ജില്ലാ കോൺഗ്രസ് കമ്മിറ്റി നിലവിൽ വരുകയും സി രാജഗോപാലാചാരി ആദ്യ ഡിസിസി പ്രസിഡൻറ് ആകുകയും ചെയ്തു.

A:-ii, iii, iv

B:-i, ii, iii

C:-i, ii, iv

D:-i, iii, iv

Correct Answer:- Option-B

Question12:-ഇന്ത്യയുടെ നൈപുണ്യ വികസന പരിപാടികളുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുത്തെഴുതുക.
i) 2009-ൽ ഇന്ത്യയുടെ ആദ്യത്തെ നൈപുണ്യ വികസന പദ്ധതി പ്രഖ്യാപിക്കുകയും തുടർന്ന് നാഷണൻ സ്കിൽ ഡെവലപ്മെൻറ കോർപ്പറേഷൻ ആരംഭിക്കുകയും ചെയ്തു.
ii) പ്രധാനമന്ത്രി കൌശൽ വികാസ് യോജനയുടെ കീഴിൽ വ്യവസായാധിഷ്ഠിത നിപുണതകളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നു.
iii) കേരള ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് വേണ്ടി നൈപുണ്യ വികസന മന്ത്രാലയം നടപ്പിലാക്കുന്ന പരിശീലന പരിപാടിയാണ് ഉഡാൻ (UDAAN) പദ്ധതി.
iv) ഇന്ത്യയിൽ യുവജനങ്ങളുടെ കർമ്മശേഷി മറ്റു രാജ്യങ്ങൾക്ക് കൂടി പ്രയേജനപ്രദമാക്കാൻ വേണ്ടി ഉന്നതമായ പരിശീലനം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഇന്ത്യൻ നാഷണൽ സ്കിൽ സെൻററുകൾ സ്ഥാപിക്കുന്നത്.

A:-i, ii, iv

B:-i, ii, iii

C:-ii, iii, iv

D:-i, iii, iv

Correct Answer:- Option-A

Question13:-ചാൾസ് ഡാർവിൻെറ പരിണാമ സിദ്ധാന്തതത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയേജനപ്പെടുത്തിയ ചിന്തകനാണ്

A:-ഹെർബർട്ട് സ്പെൻസർ

B:-അഗസ്റ്റ് കോംതെ

C:-പിയാഷെ

D:-കാൾ മാർക്സ്

Correct Answer:- Option-A

Question14:-റബ്ബർ കൃഷിക്ക് അനുയോജ്യമായ മണ്ണിനം

A:-എക്കൽമണ്ണ്

B:-കരിമണ്ണ്

C:-ലാറ്ററൈറ്റ് മണ്ണ്

D:-ചെമ്മണ്ണ്

Correct Answer:- Option-C

Question15:-'ബാങ്കുകളുടെ ബാങ്ക്' എന്നറിയപ്പെടുന്നത്

A:-സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

B:-സഹകരണ ബാങ്ക്

C:-റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ

D:-പഞ്ചാബ് നാഷണൽ ബാങ്ക്

Correct Answer:- Option-C

Question16:-തെക്ക്-പടിഞ്ഞാറൻ മൺസൂൺ കാലാവസ്ഥ ഇന്ത്യയിലാദ്യം അനുഭവപ്പെടുന്ന സമതലപ്രദേശം

A:-കിഴക്കൻ തീരസമതലം

B:-പടിഞ്ഞാറൻ തീരസമതലം

C:-പഞ്ചാബ്-ഹരിയാന സമതലം

D:-ഗംഗാ സമതലം

Correct Answer:- Option-B

Question17:-താഴെ നൽകിയവയിൽ ശരിയായ പ്രസ്താവന കണ്ടെത്തുക.
i) നർമ്മദ, താപ്തി ഇന്ത്യയുടെ കിഴക്കോട്ടൊഴുകുന്ന നദികളാണ്.
ii) 'നാഗാർജ്ജുന സാഗർ ഡാം' കൃഷ്ണ നദിക്ക് കുറുകെയാണ്.
iii) ബംഗാൾ ഉൾകടലിൽ പതിക്കുന്ന നദിയാണ് കാവേരി.

A:-i & ii ശരി

B:-ii & iii ശരി

C:-iii മാത്രം ശരി

D:-i & iii ശരി

Correct Answer:- Option-B

Question18:-രാഷ്ട്രപതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന നൽകുക.
i) അഞ്ചുവർഷകാലയളവിലേക്കാണ് തെരഞ്ഞെടുക്കുന്നത്.
ii) തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ '30' വയസ്സ് പൂർത്തിയായിരിക്കണം.
iii) ഒരു ഇലക്ടറൽ കോളേജാണ് രാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

A:-i & ii ശരി

B:-i മാത്രം ശരി

C:-i & iii ശരി

D:-iii മാത്രം ശരി

Correct Answer:- Option-C

Question19:-താഴെ കൊടുത്തവയിൽ 'സെഫോളജി' യുമായി ബന്ധമില്ലാത്ത പ്രസ്താവനയേത് ?
i) ലാറ്റിൻ ഭാഷയിൽ നിന്നാണ് 'സെഫോളജി' എന്ന വാക്ക് ഉത്ഭവിച്ചത്.
ii) ഇതൊരു തെരഞ്ഞെടുപ്പ് പ്രവചന പഠന ശാഖയാണ്.
iii) തെരഞ്ഞെടുപ്പ്ഫലപ്രഖ്യാപനത്തിന് മുൻപ് രാഷ്ട്രീയ പാർട്ടികളുടെയും മുന്നണികളുടെയും വിജയ സാധ്യത പ്രവചിക്കുന്നു.

A:-i മാത്രം

B:-ii & iii മാത്രം

C:-i & ii മാത്രം

D:-iii മാത്രം

Correct Answer:- Option-A

Question20:-ഇലക്ട്രോൺവോൾട്ട് (eV) എന്തിന്റെ യൂണിറ്റാണ് ?

A:-ചാർജ്

B:-ബലം

C:-ഊർജം

D:-ആക്കം

Correct Answer:- Option-C

Question21:-താഴെ പറയുന്ന ചലനനിയമങ്ങളിൽ ഏതാണ് ജഡത്വവുമായി ബന്ധപ്പെട്ടിരിക്കുന്നത്

A:-ഒന്നാം ചലനനിയമം

B:-രണ്ടാം ചലനനിയമം

C:-മൂന്നാം ചലനനിയമം

D:-നാലാം ചലനനിയമം

Correct Answer:- Option-A

Question22:-ഇലക്ട്രിക്ക് അയൺബോക്സിൽ നടക്കുന്ന ഊർജപരിവർത്തനം

A:-വൈദ്യുതോർജം → രാസോർജം

B:-വൈദ്യുതോർജം → താപോർജം

C:-താപോർജം → വൈദ്യുതോർജം

D:-വൈദ്യുതോർജം → മെക്കാനിക്കൽ ഊർജം

Correct Answer:- Option-B

Question23:-മനുഷ്യർക്ക് കേൾക്കാവുന്ന ആവൃത്തിയുടെ പൊതുവായ ശ്രേണി

A:-10 Hz _ 25000 Hz

B:-2 Hz _ 2000 Hz

C:-1 Hz _ 1000 Hz

D:-20 Hz _ 20000 Hz

Correct Answer:- Option-D

Question24:-ഒഴുകുന്ന ഒരു ദ്രാവകത്തിന്റെ തൊട്ടടുത്ത പാളികൾക്കിടയിലുള്ള ആപേക്ഷികചാലനത്തെ വിസ്കോസ് ബലം എങ്ങനെ ബാധിക്കുന്നു ?

A:-സുഗമമാക്കുന്നു

B:-എതിർക്കുന്നു

C:-ബാധിക്കുന്നില്ല

D:-ചില വ്യവസ്ഥകളിൽ ബാധിക്കുന്നു

Correct Answer:- Option-B

Question25:-മിന്നൽ രക്ഷാചാലകത്തിന്റെ ഉപയോഗമെന്ത് ?

A:-വാർത്താവിനിമയം

B:-ഇടിയും മിന്നലും പ്രവചിക്കാൻ

C:-ഇടിമിന്നലിൽ നിന്ന് കേട്ടിടങ്ങളെ സംരക്ഷിക്കാൻ

D:-ഇവയൊന്നുമല്ല

Correct Answer:- Option-C

Question26:-ഭൗമോപരിതലത്തിൽ ഒരു വസ്തുവിന്റെ ഭാഗം 'M' ആണെങ്കിൽ ചന്ദ്രനിൽ അതിന്റെ ഭാരം എന്തായിരിക്കും ?

A:- $\frac{M}{3}$

B:- $\frac{M}{6}$

C:- $\frac{M}{2}$

D:- $\frac{M}{4}$

Correct Answer:- Option-B

Question27:-ഒരു മെക്കാനിക്കൽ സ്രോതസ്സ് 400 Hz തരംഗങ്ങൾ അയക്കുന്നു. ഇത് 2.5m തരംഗദൈർഘ്യമുള്ള തരംഗങ്ങൾ ഉണ്ടാക്കുന്നു. എങ്കിൽ തരംഗത്തിന്റെ പ്രവേഗം എന്തായിരിക്കും ?

A:-160 m/s

B:-100 m/s

C:-800 m/s

D:-1000 m/s

Correct Answer:- Option-D

Question28:-താഴെ പറയുന്നവയിൽ ഏതാണ് താപനിലയുടെ ഒരു യൂണിറ്റ് ?

A:-ഫാരൻഹീറ്റ്

B:-ഡിഗ്രി

C:-മീറ്റർ

D:-സെക്കൻഡ്

Correct Answer:- Option-A

Question29:-മൂന്നാമത്തെ ഷെല്ലിന് (n=3) സാധ്യമായ ഓർബിറ്റലുകളുടെ എണ്ണം

A:-3

B:-6

C:-9

D:-4

Correct Answer:- Option-C

Question30:-താഴെ പറയുന്നവയിൽ അമ്ല സ്വഭാവം ഉള്ള ഓക്സൈഡ് ഏത് ?

A:-$Na_2O$

B:-$Al_2O_3$

C:-CO

D:-$Cl_2O_7$

Correct Answer:- Option-D

Question31:-ഒരു വാതകത്തിന്റെ വ്യാപ്തവും താപനിലയും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന നിയമം

A:-ബോയിൽ നിയമം

B:-ചാൾസ് നിയമം

C:-അവഗാഡ്രോനിയമം

D:-ഡാൾട്ടൺസ്നിയമം

Correct Answer:- Option-B

Question32:-വുഡ് സ്പിരിറ്റ് എന്നറിയപ്പെടുന്നത് എതാണ്

A:-മെഥനോൾ

B:-എഥനോൾ

C:-പ്രൊപ്പനോൾ

D:-ബ്യൂട്ടനോൾ

Correct Answer:- Option-A

Question33:-'സ്ലേക്കഡ് ലൈം'ന്റെ രാസനാമം എന്താണ് ?

A:-കാൽസ്യം കാർബണേറ്റ്

B:-കാൽസ്യം ഹൈഡ്രോക്സൈഡ്

C:-കാൽസ്യം ഓക്സൈഡ്

D:-കാൽസ്യം സൽഫേറ്റ്

Correct Answer:- Option-B

Question34:-മെർക്കുറി ശുദ്ധീകരിക്കുന്ന പ്രക്രിയ ഏതാണ്

A:-ഉരുക്കി വേർതിരിക്കൽ

B:-ബാഷ്പതല ശുദ്ധീകരണം

C:-സ്വേദനം

D:-മോണ്ട്പ്രക്രിയ

Correct Answer:- Option-C

Question35:-4 ഗ്രാം സോഡിയം ഹൈഡ്രോക്സൈഡ് ജലത്തിൽ ലയിപ്പിച്ച് 500 മില്ലിലിറ്റർ ലായനി നിർമ്മിച്ചാൽ അതിന്റെ മൊളാരിറ്റി എത്രയാണ്

A:-0.2

B:-2

C:-0.1

D:-1

Correct Answer:- Option-A

Question36:-2022-ൽ രസതന്ത്രത്തിന് നോബൽ സമ്മാനം നേടിയത് ആരാണ്

A:-കരോലിൻ R. ബെർട്ടോസി

B:-കെ. ബാരി ഷാർപ്പ് ലെസ്

C:-മോർട്ടെൻ മെൽഡൽ

D:-All of the above

Correct Answer:- Option-D

Question37:-'നാഷണൽ സയൻസ് ഡേ' ആചരിക്കുന്നത് ഏത് ശാസ്ത്രജ്ഞന്റെ കണ്ടുപിടുത്തവുമായി ബന്ധപ്പെട്ടാണ് ?

A:-ഐസക്ക് ന്യൂട്ടൺ

B:-സി. വി. രാമൻ

C:-ആൽബർട്ട് ഐൻസ്റ്റീൻ

D:-മേരിക്യൂറി

Correct Answer:- Option-B

Question38:-വിറ്റാമിൻ A യുടെ തുടർച്ചയായ അഭാവം മൂലം നേത്രാവരണവും കോർണിയയും വരണ്ട് കോർണിയ അതാര്യമായിത്തീരുന്ന അവസ്ഥ

A:-നിശാന്ധത

B:-ഗ്ലോക്കോമ

C:-സീറോഫ്ഥാൽമിയ

D:-തിമിരം

Correct Answer:- Option-C

Question39:-ലോകത്തിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന സസ്യവർണകം ഏതാണ് ?

A:-സാന്തോഫിൽ

B:-ഹരിതകം a

C:-ഹരിതകം b

D:-കരോട്ടിനോയിഡുകൾ

Correct Answer:- Option-B

Question40:-താഴെ തന്നിട്ടുള്ളവയിൽ കോശസ്തരത്തിനെ ചുറ്റി കോശഭിത്തിയില്ലാത്ത പ്രോക്കാരിയോട്ടിക് കോശം ഏത് ?

A:-ബാക്ടീരിയ

B:-നീലഹരിത ആൽഗ

C:-മൈക്കോപ്ലാസ്മ

D:-പ്ലൂറോ ന്യൂമോണിയ പോലെയുള്ള ജീവികൾ

Correct Answer:- Option-C

Question41:-മനുഷ്യരിൽ ക്രോമസോം നമ്പർ 14 ലെ ജീനിന്റെ തകരാറുമൂലമുണ്ടാകുന്ന രോഗമേത്

A:-അൽഷിമേഴ്സ്

B:-മെലനോമ

C:-സിക്കിൾസെൽ അനീമിയ

D:-ഫിനൈൽ കീറ്റോൺയൂറിയ

Correct Answer:- Option-A

Question42:-പാൻക്രിയാസിൻെ്റ ബഹിർസ്രാവീ ഭാഗത്ത് പ്രവർത്തിച്ച് ജലം, ബൈകാർബണേറ്റ് അയോണുകൾ എന്നിവയുടെ ഉല്പാദനത്തെ ഉത്തേജിപ്പിക്കുന്ന ഹോർമോണേത്

A:-ഗാസ്ട്രിൻ

B:-സെക്രീറ്റിൻ

C:-കോളിസിസ്റ്റോകൈനിൻ

D:-ഗാസ്ട്രിക് ഇൻഹിബിറ്ററി പെപ്റ്റൈഡ്

Correct Answer:- Option-B

Question43:-തന്നിരിക്കുന്നവയിൽ മൂന്നും സൂക്ഷ്മ പോഷകങ്ങൾക്ക് അഥവാ ട്രേസ് മൂലകങ്ങൾക്ക് ഉദാഹരണമായി വരുന്നത്

A:-ഇരുമ്പ്, മാംഗനീസ്, കോപ്പർ

B:-കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ

C:-ബോറോൺ, കാൽസ്യം, സൾഫർ

D:-നിക്കൽ, സൾഫർ, പൊട്ടാസ്യം

Correct Answer:- Option-A

Question44:-ജനിതക എഡിറ്റിംഗിനായി ഉപയോഗിക്കുന്ന ഏറ്റവും കാര്യക്ഷമമായ ജനിതക കത്രികയാണ്

A:-EcoRI

B:-BamHI

C:-HindII

D:-CRISPR - Cas9

Correct Answer:- Option-D

Question45:-ആരാണ് 'ഇന്ത്യയുടെ മില്ലറ്റ് മാൻ' എന്നറിയപ്പെടുന്നത് ?

A:-പ്രൊഫ. ഖാദർ വാലി

B:-നെക് റാം ശർമ

C:-കെ. വി. രാമ സുബ്ബറെഡ്ഡി

D:-ഡോ. സ്വപ്ന റോനൻക്കി

Correct Answer:- Option-A

Question46:-A ഒരു ജോലി 4 ദിവസം കൊണ്ടും B അതേ ജോലി 6 ദിവസം കൊണ്ടും ചെയ്യും. A, B, C ഒരുമിച്ച് ഈ ജോലി 2 ദിവസം കൊണ്ടും ചെയ്യും. A യും C യും ഒരുമിച്ച് ഈ ജോലി എത്ര ദിവസം കൊണ്ട് ചെയ്യും.

A:-4

B:-3

C:-2

D:-5

Correct Answer:- Option-B

Question47:-താഴെ കൊടുത്തിരിക്കുന്നവയിൽ വലത് എത് ?

A:-$\frac{32}{0.05}$

B:-$\frac{0.32}{50}$

C:-$\frac{3.2}{0.05}$

D:-$\frac{3.2}{50}$

Correct Answer:- Option-A

Question48:-$\frac{1}{4\frac{2}{7}}+\frac{1}{3\frac{11}{13}}+\frac{1}{\frac{5}{9}}=$ ____________

A:-$\frac{312}{45}$

B:-$\frac{218}{35}$

C:-$\frac{172}{75}$

D:- $\frac{320}{45}$

Correct Answer:- Option-C

Question49:-600 രൂപ 3 വർഷത്തേക്ക് സാധാരണ പലിശക്ക് ബാങ്കിൽ നിക്ഷേപിച്ചപ്പോൾ 744 രൂപ ലഭിച്ചു. പലിശ നിരക്ക് 2% കൂടുതൽ ആയിരുന്നെങ്കിൽ 3 വർഷം കഴിഞ്ഞ് എത്ര തുക ലഭിക്കും ?

A:-780

B:-766

C:-800

D:-820

Correct Answer:- Option-A

Question50:-ഒരു സംഖ്യയുടെ $\frac{1}{8}$ നോട് 10 കൂട്ടുന്നതും അതേ സംഖ്യയുടെ പകുതിയിൽ നിന്ന് 8 കുറയ്ക്കുന്നതും തുല്യമാണ്. സംഖ്യയേത് ?

A:-64

B:-32

C:-80

D:-48

Correct Answer:- Option-D

Question51:-ക്ലോക്കിലെ സമയം 4 മണി 10 മിനിട്ട് ആണെങ്കിൽ മണിക്കൂർ സൂചിക്കും മിനിട്ട് സൂചിക്കും ഇടയ്ക്കുള്ള കോൺ എത്ര ?

A:-$60^{\circ}$

B:-$65^{\circ}$

C:-$55^{\circ}$

D:-$70^{\circ}$

Correct Answer:- Option-B

Question52:-ഒരാൾ ഒരു സാധനം 20% ലാഭത്തിന് വിറ്റു. വാങ്ങിയ വില 10 രൂപ കുറയുകയും വിറ്റ വില 10 രൂപ കൂടുകയും ചെയ്തിരുന്നെങ്കിൽ ലാഭം 40% ആകുമായിരുന്നു. എങ്കിൽ ആ സാധനത്തിന്റെ യഥാർത്ഥ വാങ്ങിയ വില എത്ര ?

A:-100

B:-110

C:-140

D:-120

Correct Answer:- Option-D

Question53:-ഒരു സിലിണ്ടറിൻ്റെ ആരം ഇരട്ടിയാക്കുകയും ഉയരം പകുതിയാക്കുകയും ചെയ്താൽ വ്യാപ്തത്തിന് എന്ത് സംഭവിക്കും ?

A:-വ്യാപ്തത്തിന് മാറ്റമുണ്ടാകില്ല

B:-വ്യാപ്തം പകുതിയായി മാറും

C:-വ്യാപ്തം ഇരട്ടിയായി മാറും

D:-വ്യാപ്തം 4 മടങ്ങായി മാറും

Correct Answer:- Option-C

Question54:-25 സംഖ്യകളുടെ ശരാശരി 38 ആണ്. ആദ്യത്തെ 13 സംഖ്യകളുടെ ശരാശരി 31 ആണ്. അവസാനത്തെ 13 സംഖ്യകളുടെ ശരാശരി 45 ആണ്. 13-ാമത്തെ സംഖ്യ എത്ര

A:-14

B:-38

C:-76

D:-36

Correct Answer:- Option-B

Question55:-$\sqrt{0.0625}$ ൻ്റെ വിലയെത്ര

A:-2.5

B:-0.25

C:-0.025

D:-0.0025

Correct Answer:- Option-B

Question56:-ഒരു സമാന്തര ശ്രേണിയുടെ 3-ാം പദം 18, 10-ാം പദം 46 ആദ്യ പദം ഏത്

A:-12

B:-8

C:-14

D:-10

Correct Answer:- Option-D

Question57:-675 നെ ഏറ്റവും ചെറിയ ഏത് സംഖ്യ കൊണ്ട് ഗുണിച്ചാൽ ഒരു പൂർണ വർഗ്ഗം ലഭിക്കും

A:-3

B:-9

C:-15

D:-5

Correct Answer:- Option-A

Question58:-രണ്ട് വ്യക്തികൾ മാത്രം മത്സരിച്ച ഒരു തെരഞ്ഞെടുപ്പിൽ ഒരാൾ 60% വോട്ടുകൾ നേടി 350 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ വിജയിച്ചു. വോട്ടുകളൊന്നും അസാധു ആയില്ല എങ്കിൽ ആകെ പോൾ ചെയ്ത വോട്ടുകൾ എത്ര

A:-600

B:-1750

C:-900

D:-1000

Correct Answer:- Option-B

Question59:-$(-2,3),(6,7),(8,3)$ എന്നിവ ഒരു സാമാന്തരികത്തിൻ്റെ ശീർഷങ്ങളാണെങ്കിൽ 4-ാമത്തെ ശീർഷം ഏത് ?

A:-(1, 0)

B:-(0, 1)

C:-$(-1,0)$

D:-$(0,-1)$

Correct Answer:- Option-D

Question60:-ഒരു ടാങ്കിൽ 480 ലിറ്റർ വെള്ളം നിറച്ചപ്പോൾ അതിൻ്റെ $33\frac{1}{3}$% നിറഞ്ഞു. എങ്കിൽ ടാങ്കിൽ

എത്ര ലിറ്റർ വെള്ളം കൊള്ളും ?

A:-1680

B:-2210

C:-1440

D:-1780

Correct Answer:- Option-C

Question61:-മനഃശാസ്ത്ര ഗവേഷണത്തിന് ഉപയോഗിക്കുന്ന രീതികൾ, ലഭ്യമാകുന്ന വിവരങ്ങൾ എന്നിവ ക്രമപ്പെടുത്തി എഴുതുക.

| | |
|---|---|
| a. പ്രക്ഷേപണ രീതി | i) ഗ്രൂപ്പിനുള്ളിലെ സാമൂഹികബന്ധത്തിൻ്റെ തോത് |
| b. ചെക്ക് ലിസ്റ്റ് | ii) അവബോധമനസ്സിലുള്ള അടിച്ചമർത്തപ്പെട്ട വികാരങ്ങൾ |
| c. സോഷ്യോഗ്രാം | iii) വ്യക്തിത്വ സവിശേഷതകളെ കുറിച്ചുള്ള ലളിതമായ വിവരങ്ങൾ |

A:-a-i, b-ii, c-iii

B:-a-iii, b-ii, c-i

C:-a-ii, b-iii, c-i

D:-a-i, b-iii, c-ii

Correct Answer:- Option-C

Question62:-വികാസതത്വങ്ങളെ സംബന്ധിച്ചുള്ള പ്രസ്താവനകൾ കൊടുത്തിരിക്കുന്നു. ശരിയായ പ്രസ്താവന/ പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
i) വികാസത്തിൻ്റെ വേഗതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.
ii) ശാരീരിക വികാസത്തിൽ പാദം മുതൽ തല വരെ എന്ന ക്രമം പാലിക്കുന്നു.
iii) മൂർത്ത ചിന്തകൾക്ക് മുൻപ് അമൂർത്ത ചിന്തകൾക്കുള്ള ശേഷി വികസിക്കുന്നു.

A:-i

B:-ii

C:-ii, iii

D:-i, ii, iii

Correct Answer:- Option-A

Question63:-വൈജ്ഞാനിക വികാസത്തെ സംബന്ധിക്കുന്ന പിയാഷെയുടെ തത്വങ്ങളിൽ പ്രാഗ് മനോവ്യാപാര ഘട്ടത്തിൻ്റെ സവിശേഷതയേത് ?

A:-ഒബ്ജക്റ്റ് പെർമനൻസ്

B:-സംഖ്യാ സ്ഥിരത

C:-പരികല്പനാരൂപീകരണം

D:-സ്വയംകേന്ദ്രീകൃത അവസ്ഥ

Correct Answer:- Option-D

Question64:-പഠനകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കലാകായിക മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകുന്നു. ഏത് രീതിയിലുള്ള സമായോജനതന്ത്രമാണ് ഈ സന്ദർഭത്തിൽ പ്രകടമാകുന്നത്

A:-ദമനം

B:-പ്രക്ഷേപണം

C:-അനുപൂരണം

D:-പശ്ചാത്ഗമനം

Correct Answer:- Option-C

Question65:-ആന്തരിക അഭിപ്രേരണയെ സംബന്ധിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് തിരഞ്ഞെടുക്കുക.

A:-കൂട്ടുകാർക്കിടയിൽ പരിഗണന ലഭിക്കുന്നതിനായി കളികളിൽ മിടുക്ക് കാട്ടുന്നു

B:-പ്രവൃത്തിയും ലക്ഷ്യവും ഒരേപോലെ ആനന്ദകരമായി അനുഭവപ്പെടുന്നു.

C:-രക്ഷിതാക്കളുടെ നിർബന്ധത്തിന് വഴങ്ങി പഠനസമയം ക്രമീകരിക്കുന്നു.

D:-കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക് സമ്മാനങ്ങൾ ലഭിക്കുന്നു.

Correct Answer:- Option-B

Question66:-പ്രോജക്ട് വിവരശേഖരണത്തിന്റെ ഭാഗമായി ലഭ്യമായ ദത്തങ്ങൾ ഗ്രാഫ് രൂപത്തിൽ ചിത്രീകരിക്കുന്നതിന് അനുയോജ്യമായ സോഫ്റ്റ് വെയർ ഏത്

A:-മാർബിൾ

B:-ലിബർ ഓഫീസ് കാൽക്ക്

C:-മൈക്രോസോഫ്റ്റ് ഔട്ട്ലുക്

D:-അഡോബ് ഇലസ്ട്രേറ്റർ

Correct Answer:- Option-B

Question67:-ക്രമപ്പെടുത്തി എഴുതുക.
a. ആശയവാദം i) മനുഷ്യന്റെ സർവതോമുഖവികാസം
b. പ്രകൃതിവാദം ii) പ്രയോജനകരമായ വിഷയങ്ങൾ
c. മാനവികതാവാദം iii) വിദ്യാർത്ഥിയുടെ നൈസർഗിത ശേഷികൾ
d. പ്രായോഗികവാദം iv) ആത്മസാക്ഷാത്കാരം

A:-a-i, b-ii, c-iii, d-iv

B:-a-ii, b-i, c-iii, d-iv

C:-a-iii, b-ii, c-iv, d-i

D:-a-iv, b-iii, c-i, d-ii

Correct Answer:- Option-D

Question68:-ഏത് വിദ്യാഭ്യാസദാർശനികനാണ് വിശ്വഭാരതി സർവകലാശാല സ്ഥാപിച്ചത്

A:-വിവേകാനന്ദൻ

B:-ഗാന്ധിജി

C:-രബീന്ദ്രനാഥ ടാഗോർ

D:-പൌലോ ഫ്രയർ

Correct Answer:- Option-C

Question69:-വൈകാരിക ബുദ്ധിയെ സംബന്ധിച്ച് ശരിയായ പ്രസ്താവന ഏത്

A:-വൈകാരിക ബുദ്ധി വീട്ടിലെ അന്തരീക്ഷത്തെ മാത്രം ആശ്രയിച്ചിരിക്കുന്നു.

B:-വിലയിരുത്തൽ തന്ത്രങ്ങൾ രൂപീകരിക്കുമ്പോൾ കുട്ടിയുടെ വൈകാരിക അവസ്ഥ പരിഗണിക്കേണ്ടതില്ല.

C:-വൈകാരിക അവസ്ഥയെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നതിനുള്ള ശേഷി എല്ലാ കുട്ടികൾക്കും ഒരുപോലെയാണ്.

D:-മറ്റുള്ളവരെ പ്രചോദിപ്പിക്കാനുള്ള കഴിവ് വൈകാരിക ബുദ്ധിയുടെ സവിശേഷതയാണ്.

Correct Answer:- Option-D

Question70:-ചുവടെ നൽകിരിക്കുന്നവയിൽ കുട്ടികളുടെ ഭാഷാപരമായ ബുദ്ധി തിരിച്ചറിയുന്നതിന് ഏറ്റവും അനുയോജ്യമായ പ്രവർത്തനം ഏത്

A:-പരീക്ഷണ പ്രവർത്തനങ്ങൾ

B:-സംവാദങ്ങൾ

C:-ഭൂപടം തയാറാക്കൽ

D:-പ്രകൃതി നിരീക്ഷണം

Correct Answer:- Option-B

Question71:-നാലാം ക്ലാസിലെ ഒരു വിദ്യാർത്ഥിക്ക് വ്യത്യസ്ത തരം ഇലകളെക്കുറിച്ച് അറിയുന്നതിന് ഏറ്റവും അനുയേജ്യമായ പ്രവർത്തനം ഏത്

A:-ചുറ്റുപാടുമുള്ള ചെടികളുടെ നിരീക്ഷണം

B:-ഇലകളുടെ ചിത്രം വരച്ച് രേഖപ്പെടുത്തൽ

C:-വ്യത്യസ്ത തരം ഇലകളെക്കുറിച്ച് വിശദീകരണക്കുറിച്ച് തയാറാക്കൽ

D:-പാഠപുസ്തകം വായിച്ച് വായനാക്കുറിപ്പ് തയാറാക്കൽ

Correct Answer:- Option-A

Question72:-ക്ലാസ്സുറിയിൽ സംഘപഠനത്തിന്റെ സാധ്യത പരമാവധി വർദ്ധിപ്പിക്കുന്ന പ്രവർത്തനരീതി തിരഞ്ഞെടുക്കുക.

A:-ഒരേ പഠനനിലവാരമുള്ള വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ചുള്ള പഠനം

B:-അധ്യാപകൻ/അധ്യാപികയുടെ നേതൃത്വത്തിലുള്ള വ്യക്തിഗത പഠനം

C:-അധ്യാപകരും രക്ഷകർത്താക്കളും അടങ്ങുന്ന ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ മാത്രം പിന്തുടർന്നുള്ള പഠനം

D:-വ്യത്യസ്ത നിലവാരത്തിലുള്ള വിദ്യാർത്ഥികളുടെ ഗ്രൂപ്പുകൾ രൂപീകരിച്ചുള്ള പഠനം

Correct Answer:- Option-D

Question73:-നക്ഷത്രഗണങ്ങളും അവയുടെ ആകൃതിയും പഠിപ്പിക്കുന്നതിന് അനുയോജ്യമായ വിദ്യാഭ്യാസ സോഫ്റ്റ്വെയർ ഏത്

A:-ലിബർഓഫീസിൽ ഇമ്പ്രസ്

B:-ഫെറ്റ്

C:-സ്റ്റെല്ലേറിയം

D:-ടക്സ് പെയിന്റ്

Correct Answer:- Option-C

Question74:-
പ്രൈമറി തലത്തിലെ വിദ്യാർഥികൾക്കായി കളിരീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനെ സംബന്ധിച്ചുള്ള പ്രസ്താവനകൾ നൽകിയിരിക്കുന്നു.
ഇവയിൽ ശരിയായ പ്രസ്താവന/പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
i) കളിപ്രവർത്തനങ്ങൾ സ്വാഭാവികവും തുടർപ്രവർത്തന സാധ്യത ഉള്ളതുമായിരിക്കണം
ii) അമൂർത്ത ആശയങ്ങൾ ഉൾപ്പെടുത്തിയ സങ്കീർണ്ണ പ്രവർത്തനങ്ങൾ ആയിരിക്കണം
iii) പ്രാദേശിക വിഭവങ്ങൾ ഉപയോഗപ്പെടുത്തിയ പ്രക്രിയാബന്ധിത പ്രവർത്തനങ്ങൾ ആയിരിക്കണം

A:-i, ii

B:-i, iii

C:-ii, iii

D:-i, ii, iii

Correct Answer:- Option-B

Question75:-അനുരൂപീകരണ ടീച്ചിങ്ങ് മാനുവലിന്റെ പ്രധാന സവിശേഷത എന്ത്

A:-ഓരോ കുട്ടിയ്ക്കും അനുയോജ്യമായ രീതിയിൽ പഠനതന്ത്രങ്ങൾ തയാറാക്കുന്നു.

B:-വിവിധ ക്ലാസുകളിൽ ഒരേ സമയം പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തയാറാക്കുന്നു.

C:-വ്യത്യസ്ത കഴിവുകളുള്ള വിദ്യാർഥികൾക്ക് ഒരേ രീതിയിലുള്ള പഠനാനുഭവങ്ങൾ  ക്രമീകരിച്ചിരിക്കുന്നു.

D:-പഠനപരിമിതി പരിഗണിക്കാതെ വിലയിരുത്തൽ തന്ത്രങ്ങൾ രൂപീകരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുന്നു.

Correct Answer:- Option-A

Question76:-താഴെ കൊടുത്തിരിക്കുന്നവയിൽ അന്തർദൃഷ്ടി പഠനത്തിന്റെ പ്രക്രിയഘട്ടങ്ങളിൽ ഉൾപ്പെടുന്നത് ഏത്

A:-ധനപ്രബലനം

B:-സമഗ്രവീക്ഷണം

C:-ഋണപ്രബലനം

D:-ഉദാത്തീകരണം

Correct Answer:- Option-B

Question77:-താഴെ കൊടുത്തിരിക്കുന്നവയിൽ സാമൂഹികജ്ഞാനനിർമ്മിതിയെ പരിപോഷിപ്പിക്കുന്നതിന് പരമാവധി സാധ്യതയുള്ള പഠനരീതി ഏത്

A:-വ്യക്തിഗത പഠനം

B:-വായനാ രീതി

C:-സഹവർത്തിത പഠനം

D:-ആവർത്തന പഠനരീതി

Correct Answer:- Option-C

Question78:-കാഴ്ച പരിമിതിയുള്ള ഒരു കുട്ടിയ്ക്ക് ക്ലാസ്സുറിയിൽ പഠനോല്പന്നങ്ങൾ പൂർത്തിയാക്കാൻ സഹായിക്കുന്നതിനായി അവലംബിക്കാവുന്ന രീതി ഏത്

A:-പഠനപ്രവർത്തനങ്ങൾ വീട്ടിലെത്തി പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു.

B:-സ്പീച്ച് ടു ടെക്സ്റ്റ് സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നു

C:-ക്ലാസ്സുവർത്തനത്തിന് ശേഷം പ്രത്യേക ക്ളാസുകൾ ക്രമീകരിക്കുന്നു.

D:-സഹപാഠിയോട് പഠനോല്പന്നങ്ങൾ പൂർത്തിയാക്കാൻ നിർദ്ദേശിക്കുന്നു.

Correct Answer:- Option-B

Question79:-താഴെ പറയുന്നവയിൽ ജ്യാമിതീയ രൂപങ്ങൾ വരയ്ക്കുന്നതിനും അവയുടെ പ്രത്യേകതകൾ നിരീക്ഷിക്കുന്നതിനുമുള്ള സ്വതന്ത്ര സോഫ്റ്റ് വെയർ ഏത്

A:-ജിയോജിബ്ര

B:-ജികോമ്പ്രിസ്

C:-എക്സൽ

D:-ഫോട്ടോഷോപ്പ്

Correct Answer:- Option-A

Question80:-ബ്രൂണറുടെ വൈജ്ഞാനിക പഠനസിദ്ധാന്തം അനുസരിച്ച് ഉയർന്നതലത്തിലുള്ള ആശയരൂപീകരണം നടക്കുന്ന ഘട്ടം ഏത്

A:-പ്രവർത്തന ഘട്ടം

B:-പ്രക്രിയാ ഘട്ടം

C:-ബിംബന ഘട്ടം

D:-പ്രതിരൂപാത്മക ഘട്ടം

Correct Answer:- Option-D

Question81:-Kalamkari-literally 'pen craft' is an art that involves hand block printing apart from painting. The Kalamkari goes through a vigorous process of resist-dyeing and hand printing. The antiquity of natural dyed fabrics in India dates back to the pre Christian era. The samples of these fabrics have been found in many excavations carried out at several parts of the world like Cairo, Greece, Central Asia and Arabia suggesting an overseas trade. Percy Brown in his Arts and Crafts of India mentions that Kalamkari during the $18^{th}$ century was practiced all over the Coromandal Coast.

1. Which region did Percy Brown mention that Kalamkari was practised the $18^{th}$ century ?

A:-Bengal and Bihar

B:-The Coromandel Coast

C:-The Deccan Plateau

D:-The Himalayan region

Correct Answer:- Option-B

Question82:-Samples of natural dyed fabrics have been discovered in various excavations around the world, What does it suggest ?

A:-Decline of Kalamkari

B:-Overseas trade

C:-Absence of trade

D:-None

Correct Answer:- Option-B

Question83:-One of my friends __________ consented to do the work.

A:-has

B:-have

C:-had

D:-None

Correct Answer:- Option-A

Question84:-Choose the sentence with the correct gerund form of dance.

A:-Aswathy decided to join a dance school

B:-Dancing is a good art form

C:-Aswathy is dancing at the youth festival

D:-Aswathy's father asked her to join a dance academy

Correct Answer:- Option-B

Question85:-I ___________ the offer made by the company, as I felt that it was unfair.

A:-turned up

B:-turned over

C:-turned down

D:-turned off

Correct Answer:- Option-C

Question86:-Choose the word that is a synonym of magnificent.

A:-Malicious

B:-Mediocre

C:-Mundane

D:-Majestic

Correct Answer:- Option-D

Question87:-The teacher told the children to refrain _______ using drugs.

A:-of

B:-for

C:-from

D:-None

Correct Answer:- Option-C

Question88:-Pick out the correct sentence.

A:-Nobody will ever find me.

B:-Nobody will ever finds me.

C:-Nobody will never found me.

D:-Nobody will never finds me.

Correct Answer:- Option-A

Question89:-Arun attended the exam, _______ he wasn't feeling well.

A:-whether

B:-in order to

C:-although

D:-due to

Correct Answer:- Option-C

Question90:-Which level of Maslow's Hierarchy involves the need for a sense of accomplishment and recognition ?

A:-Safety Needs

B:-Esteem Needs

C:-Self-Actualization Needs

D:-Belongingness and Love Needs

Correct Answer:- Option-B

Question91:-"ഒരു ദിവസം ഉറങ്ങി എഴുന്നേറ്റപ്പോൾ പതിവില്ലാത്തമട്ടിൽ, പുലർച്ചെയുള്ള സ്വപ്നം താൻ മാത്രമല്ല, മറ്റൊരാൾ കൂടി കണ്ടുകൊണ്ടിരുന്നതായി സാംസയ്ക്ക് അനുഭവപ്പെട്ടു" - ഈ വാക്യത്തോടെ ആരംഭിക്കുന്ന മലയാള നോവൽ ഏത്

A:-ഉടൽഭൌതികം

B:-പട്ടുനൂൽപ്പുഴ

C:-കാന്തൽ

D:-മരണവംശം

Correct Answer:- Option-B

Question92:-'ജീവചരിത്രക്കുറിപ്പുകൾ' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽ ഉൾപ്പെടുന്നു ?
i) ആത്മകഥ
ii) ജീവചരിത്രം
iii) കവിതാസമാഹാരം
iv) സ്മരണ

A:-iv മാത്രം ശരി

B:-ii മാത്രം ശരി

C:-iii മാത്രം ശരി

D:-ii ഉം iv ഉം മാത്രം ശരി

Correct Answer:- Option-C

Question93:-താഴെ കൊടുത്തിരിക്കുന്ന ആത്മകഥകളെയും രചയിതാക്കളെയും ശരിയായി ക്രമപ്പെടുത്തുക.
i) തുടിക്കുന്ന താളുകൾ a) തോപ്പിൽ ഭാസി
ii) ഒളിവിലെ ഓർമകൾ b) ബഷീർ
iii) എന്റെ വഴിയമ്പലങ്ങൾ c) ചങ്ങമ്പുഴ കൃഷ്ണപിള്ള
iv) ഓർമയുടെ അറകൾ d) എസ്. കെ. പൊറ്റെക്കാട്

A:-i-a, ii-c, iii-d, iv-b

B:-i-d, ii-c, iii-a, iv-b

C:-i-c, ii-b, iii-d, iv-a

D:-i-c, ii-a, iii-d, iv-b

Correct Answer:- Option-D

Question94:-ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാ നഷ്ടം എന്നീ കഥാ സമഹാരങ്ങളുടെ രചയിതാവ് ആര്

A:-സുഭാഷ് ചന്ദ്രൻ

B:-ബി. മുരളി

C:-ഇ. സന്തോഷ്കുമാർ

D:-പി. എഫ്. മാത്യൂസ്

Correct Answer:- Option-A

Question95:-താഴെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ശരിയായ പദങ്ങൾ കണ്ടെത്തുക.
i) നിരൂപിക
ii) അനുഗ്രഹീതൻ
iii) അഭിഭാഷക
iv) സേവിക

A:- ii മാത്രം ശരി

B:-i ഉം iii ഉം മാത്രം ശരി

C:-ii ഉം iii ഉം മാത്രം ശരി

D:-i ഉം iv ഉം മാത്രം ശരി

Correct Answer:- Option-D

Question96:-"ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേതാണുപോവതും" - ഈ വരികൾ രചിച്ചത് ആര് ?

A:-ഉള്ളൂർ

B:-വള്ളത്തോൾ

C:-കുമാരനാശാൻ

D:-ജി. ശങ്കരക്കുറുപ്പ്

Correct Answer:- Option-C

Question97:-താഴെ കൊടുത്തിരിക്കുന്ന ശൈലിയുടെ ശരിയായ അർഥം കണ്ടെത്തി ചേരുംപടി ചേർക്കുക.
i) കായങ്കുളം വാൾ a) കഷ്ടപ്പെടുത്തുക
ii) ദീപാളി കുളിക്കുക b) ആശിച്ചു കാലം കളയുന്നവൻ
iii) ആലത്തൂർ കാക്ക c) പാപ്പരാകുക
iv) ശതകം ചൊല്ലിക്കുക d) രണ്ടു കക്ഷിയിലും ചേരുന്നവൻ

A:-i-d, ii-a, iii-b, iv-c

B:-i-d, ii-c, iii-b, iv-a

C:-i-c, ii-a, iii-b, iv-d

D:-i-b, ii-d, iii-c, iv-a

Correct Answer:- Option-B

Question98:-സാഹിത്യചരിത്ര സംബന്ധമായി മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ കൃതിയും രചയിതാവും ഏതെന്ന് കണ്ടെത്തുക.

A:-മലയാള ഭാഷാചരിത്രം    പി. ഗോവിന്ദപ്പിള്ള

B:-കേരളസാഹിത്യചരിത്രം    ഉള്ളൂർ

C:-കേരളഭാഷാസാഹിത്യചരിത്രം    ആർ. നാരായണപണിക്കർ

D:-മലയാളസാഹിത്യചരിത്രസംഗ്രഹം    പി. ശങ്കരൻ നമ്പ്യാർ

Correct Answer:- Option-A

Question99:-താഴെ കൊടുത്തിരിക്കുന്ന ബാലസാഹിത്യ കൃതികളുടെ രചയിതാക്കളെ കണ്ടെത്തി ചേരുംപടി ചേർക്കുക.

i) പുഷ്പവാടി    a) കാരൂർ നീലകണ്ഠപിള്ള
ii) അപ്പുവിന്റെ ലോകം    b) പി. നരേന്ദ്രനാഥ്
iii) കുഞ്ഞിക്കൂനൻ    c) ഉറൂബ്
iv) ആനക്കാരൻ    d) കുമാരനാശാൻ

A:-i-d, ii-a, iii-b, iv-c

B:-i-c, ii-b, iii-d, iv-a

C:-i-d, ii-c, iii-a, iv-b

D:-i-d, ii-c, iii-b, iv-a

Correct Answer:- Option-D

Question100:-താഴെ കൊടുത്തിരിക്കുന്നവയിൽ തെറ്റായ പദങ്ങൾ കണ്ടെത്തുക.

i) ആശ്ചര്യം    ii) അപാകത
iii) അതാത്    iv) ആഡംബരം

A:-i ഉം iv ഉം മാത്രം ശരി

B:-i ഉം iii ഉം മാത്രം ശരി

C:-ii ഉം iii ഉം മാത്രം ശരി

D:-iv മാത്രം ശരി

Correct Answer:- Option-C